(ബി) 1985 ഏപ്രിൽ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ വിൽപ്പന നികുതിയിനത്തിൽ 195.08 കോടി രൂപ കാർഷികാദായ നികുതിയിനത്തിൽ 6.21 കോടി രൂപ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.

(സി) 1985 ഏപ്രിൽ ഒന്നു മുതലുള്ള ആറു മാസക്കാലത്തെ വിൽപ്പന നികുതി പിരിവിനെക്കാൾ 16.5 കോടി രൂപ ഇക്കൊല്ലം അതെ കാലയളവിൽ കൂടുതലായി പിരിഞ്ഞു ഇത് 8.5 ശതമാനം കൂടുതലാണ്. 1985 ഏപ്രിൽ ഒന്നു മുതലുള്ള ആറു മാസത്തെ കാർഷികാദായ നികുതി പിരിവിനെക്കാൾ 5 ലക്ഷം രൂപ കുറവാണ്. ഇക്കൊല്ലം അതേ കാലയളവിലുള്ള പിരിവ് കുറവ് ഒരു ശതമാനമാണ്.

നികുതി കുടിശ്ശിക ഈടാക്കാൻ നടപടി

636. [859] ശ്രീ. മണിമംഗലത്തു കുട്ട്യാലി :

,, ജോസ് കുറ്റ്യാനി :

,, കെ. കെ. ശ്രീനിവാസൻ :

,, കെ. സി. ജോസഫ് :

,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഇനങ്ങളിലുള്ള നികുതി കുടിശ്ശിക ഈടാക്കുന്നതിന് എന്തെല്ലാം ഊർജ്ജിത നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നടപ്പു സാമ്പത്തിക വർഷം ഈടാക്കാൻ കഴിയുന്ന നികുതി എത്ര ?

ഉത്തരം

(എ) കാർഷികാദായ നികുതി, വിൽപ്പന നികുതിയിനങ്ങളിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികളും, മജിസ്ട്രേട്ട് മുഖാന്തിരം വാറണ്ട് പുറപ്പെടുവിക്കൽ, സർക്കാരിൽ നിന്നോ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ കുടിശികക്കാർക്ക് നൽകാനുള്ള തുകകൾ കുടിശ്ശികയിലേക്ക് ക്രമീകരിക്കുക, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കുക മുതലായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കാർഷികാദായ നികുതി വിൽപ്പന നികുതി ഉദ്യോഗസ്ഥൻമാർക്ക് നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. മറ്റു നികുതി ഇനങ്ങളെപ്പറ്റി വിവരം ശേഖരിച്ചു വരുന്നു.

(ബി) വിൽപ്പന നികുതിയിനത്തിൽ 480 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 21.51 കോടി രൂപയും ആണ് പിരിവ് പ്രതീക്ഷിക്കുന്നത്. മറ്റു നികുതിയിനങ്ങളെപ്പറ്റിയുള്ള വിവരം ശേഖരിച്ചു വരുന്നു.

കാർഷികാദായനികുതി കുടിശ്ശിക ഈടാക്കുന്നതിനെതിരെ സ്റ്റേ

637. [860] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ം 1986 സെപ്റ്റംബർ 30 വരെയും കാർഷികാദായ നികുതി കുടിശ്ശിക ഈടാക്കുന്നതിന് എതിരായി ഗവൺമെന്റ് കോടതി സ്റ്റേ എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly